"ഭരണഭാഷ മാതൃഭാഷ"

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/44214/14

ശാന്തിനഗർ, തിരുവനന്തപുരം - 01
തീയതി : 15/06/2015

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ /ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2015-16 വർഷത്തെ കലാ കായിക മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 12/06/2015 തീയതിയിലെ KSITC ജനറൽ സെക്രട്ടറിയുടെ കത്ത്.

******

2015-2016 വർഷത്തെ KSITC കലാമത്സരങ്ങൾ ജൂലൈ 2,3 തീയതികളിൽ കോഴിക്കോട് ഗവൺമെന്റ് ഐ.ടി.ഐ യിൽ വച്ചും, കായിക മത്സരങ്ങൾ ജൂൺ 23,24 തീയതികളിൽ തിരുവനന്തപുരത്തെ യുണിവേഴ്സിറ്റി സ്റ്റേഡിയം, സെൻട്രൽ സ്റ്റേഡിയം എന്നിവിടങ്ങളിലും, അത്‌ലറ്റിക്സ് മത്സരം ജൂലൈ 7,8 തീയതിയിൽ തിരുവനന്തപുരത്തെ യുണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ചും നടത്തുവാൻ ട്രെയിനീസ് കൗൺസിൽ തീരുമാനിച്ചിരിക്കുന്നു.

ഗെയിംസ് മത്സരങ്ങളിൽ പങ്കെടുക്കേണ്ട ടീമുകൾ 23/06/2015 രാവിലെ 8 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും, കലാ മത്സരങ്ങളിൽ പങ്കെടുക്കേണ്ടവർ 02/07/2015 രാവിലെ 8 മണിക്ക് കോഴിക്കോട് ഗവൺമെന്റ് ഐ.ടി.ഐ യിലും, അത്‌ലറ്റിക്സ് മത്സരങ്ങളിൽ പങ്കെടുക്കേണ്ടവർ 07/07/2015 രാവിലെ 7 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നുള്ള വിവരം അറിയിക്കുന്നു. വനിത ട്രെയിനികളെ പങ്കെടുപ്പിക്കുമ്പോൾ നിർബന്ധമായും ഒരു വനിത ടീം മാനേജർ പങ്കെടുക്കേണ്ടതാണ്. അത്‌ലറ്റിക്സ് ഇനങ്ങളിൽ എല്ലാ ഐ.ടി.ഐ കളിൽ നിന്നും ട്രെയിനികളെ പങ്കെടുപ്പിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ

ഡപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ

Copy to: റീജിയണൽ ജോയിന്റ് ഡയറക്ടർ

എല്ലാ ഐ.ടി മാർക്കും

ആർ..16.02.2015